"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2016-17- കൊടുങ്ങല്ലൂർ നിയോജകമണ്ഡലം - പ്രോജക്റ്റ് ഐഡി 1746 കുഴൂർ പഞ്ചായത്ത് - ഐരാണിക്കുളം ഹൈസ്കൂൾ കെട്ടിട നിർമ്മാണം - പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണം നടത്തൽ- ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

**സ.ഉ.(സാധാ) നം.386/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 11/02/2021

---

പരാമർശം:- 1 06.12.2017-ലെ സ. ഉ. (സാധാ) നം.3929/2017/തസ്വഭവ.

2 എം.എൽ.എ ശ്രീ വി. ആർ. സുനിൽ കുമാർ അവർകൾ തൃശ്ശൂർ തദ്ദേശ സ്വയംഭരണ എക്സിക്യൂട്ടീവ് എൻജിനിയറിന് നൽകിയ 08.11.2019 ലെ കത്ത്.

3 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.01.2020 ലെ ഡിബി7/7939/19/തസ്വഭവ നമ്പർ കത്ത്.

4 19.01.2021 ലെ സ. ഉ. സാധാ നം.448/2021/ധന.

**<u>ഉത്തരവ്</u>**

കൊടുങ്ങല്ലൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ വി. ആർ. സുനിൽ കുമാർ അവർകളുടെ 2016 - 17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 'പ്രോജക്റ്റ് ഐഡി 1746 കുഴൂർ പഞ്ചായത്ത് - ഐരാണിക്കുളം ഹൈസ്കൂൾ കെട്ടിട നിർമ്മാണം' എന്ന പ്രവർത്തിക്ക് പരാമർശം 1 പ്രകാരം 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

ബഹു എം.എൽ.എ യുടെ പരാമർശം 2 ലെ നിർദ്ദേശ പ്രകാരം ഭരണാനുമതി പുതുക്കി നല്കുന്നതിലേക്കായി നിലവിലുള്ള കെട്ടിടത്തിന്റെ stair case നോട് ചേർന്ന് ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നീ നിലകളിലായി രണ്ട് ലാബ് നിർമിക്കുന്നതിനായി ഭരണാനുമതി തുക അധികരിക്കാത്ത വിധത്തിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം 3 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. ഇതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായാവുകയും പരാമർശം 4 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന്മേൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതി നൽകുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ കുഴൂർ പഞ്ചായത്തിൽ ഐരാണിക്കുളം ഹൈസ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി തുക

അധികരിക്കാതെ നിലവിലുള്ള കെട്ടിടത്തിന്റെ സ്റ്റെയർകെയ്സിനോട് ചേർന്ന് ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നീ നിലകളിലായി രണ്ട് ലാബ് നിർമ്മിക്കുന്നതിന് ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

ശ്രീ വി. ആർ. സുനിൽ കുമാർ എം.എൽ.എ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) എൽ ബി എ & എ തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ സി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.02.12 11:54:05 IST
Reason: Approved
സെക്ഷൻ ഓഫീസർ